## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1213** **07.06.2018-ൽ മറുപടിയ്ക്ക്**

## 'പുതിയകാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ശശി** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാരിന്റെ 'പുതിയകാലം പുതിയ നിർമ്മാണം' എന്ന മുദ്രാവാക്യം അടിസ്ഥാനമാക്കി പൊതുമരാമത്ത് വകുപ്പിൽ വരുത്തിയ മാറ്റങ്ങളും അപ്രകാരം പ്രവൃത്തികളിലുണ്ടായ ഗുണനിലവാരവും മൂലം വകുപ്പ് പ്രവർത്തനങ്ങളിൽ ഉണ്ടായ മാറ്റങ്ങളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) പുതിയ കാലം - പുതിയ നിർമ്മാണം എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിനനുസൃതമായി ആധുനിക സാങ്കേതിക വിദ്യകളും, പരിസ്ഥിതി സൗഹൃദവും ഈടുറ്റതുമായ റോഡ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിന്റെ ഭാഗമായി കൂടുതൽ റോഡുകൾ BM&BC തലത്തിൽ ഉപരിതലം പുതുക്കി വരുന്നു. കൂടാതെ, N.R.M.B (Natural Rubberized Modified Bitumen). ശുദ്ധികരിച്ചവേസ്റ്റ് പ്ലാസ്റ്റിക് (ഷ്രെഡ്ഡ് പ്ലാസ്റ്റിക്), കയർ ജിയോ ടെക്സ്റ്റൈയിൽസ് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണം നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ സുതാര്യത കൂടുതൽ ഉറപ്പിക്കുന്നതിനായി സോഷ്യൽ ഓഡിറ്റിംങ്ങ് നടപ്പിലാക്കിയിട്ടുണ്ട്. ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി, പ്രവൃത്തികളിലെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പാലങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പാലങ്ങളുടെ പരിശോധന നടത്തുകയും, പുനർ നിർമ്മിക്കേണ്ടവ/ പുനരുദ്ധീകരിക്കേണ്ടവ/അറ്റകുറ്റപണികൾ നടത്തേണ്ടവ എന്നിവ കണ്ടെത്തി അത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പാലങ്ങളുടെ ഡിസൈൻ കൺസ്ട്രക്ഷൻ ജോയിന്റ് ഒഴിവാക്കി പുതിയ രീതിയിൽ തയ്യാറാക്കി വരുന്നു. |

| | |
|---|---|
| (ബി) ഭാരത് മാല പ്രോജക്റ്റ്, ഇക്കണോമിക് കോറിഡോർ, കാസർഗോഡ്- കഴക്കൂട്ടം ദേശീയപാത ,കോഴിക്കോട് ബൈപ്പാസ് തുടങ്ങി ബൈപ്പാസുകൾ, റെയിൽവേ മേൽപ്പാലങ്ങൾ, വടക്കഞ്ചേരി -തൃശ്ശൂർ നാലുവരിപ്പാത, ദേശീയപാത സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കരമന-കളിയിക്കാവിള രണ്ടാം റീച്ച് തുടങ്ങി മറ്റു പ്രവൃത്തികൾ എന്നിവയുടെ പ്രവർത്തന പുരോഗതി എന്തെന്ന് ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (ബി) & (സി) ഭാരത് മാല പ്രോജക്റ്റ്, ഇക്കണോമിക് കോറിഡോർ, കാസർഗോഡ്- കഴക്കൂട്ടം ദേശീയപാത, കോഴിക്കോട് ബൈപ്പാസ് തുടങ്ങിയ ബൈപ്പാസുകൾ, വടക്കഞ്ചേരി - തൃശ്ശൂർ നാലുവരിപ്പാത, കരമന — കളിയിക്കാവിള രണ്ടാം റീച്ച് എന്നിവ പൊതുമരാമത്ത് ദേശീയപാതാ വിഭാഗവും, റെയിൽവേ മേൽപ്പാലം RBDCK മുഖേനയുമാണ് നടപ്പിലാക്കുന്നത്. |
| (സി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത് എന്ന് ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം RBDCK മുഖേന എത്ര റെയിൽവേ മേൽപ്പാലം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. കൂടാതെ 2 റെയിവേ മേൽപ്പാലങ്ങളുടെ പണികൾ നടന്നു വരുന്നു. ഇവ ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 19 മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചു വരുന്നു. 10 മേൽപ്പാലങ്ങളുടെ വിശദമായ പദ്ധതിരേഖ RBDCK തയ്യാറാക്കി വരുന്നു. ഇവ മൂന്ന് മാസത്തിനകം കിഫ്ബിയ്ക്ക് സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ അനുവദിച്ചിട്ടുള്ള 41 ആർ.ഒ.ബി,- യുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ RBDCK സ്വീകരിച്ചു വരുന്നു.<br><br>ദേശീയപാതാ വിഭാഗത്തിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം



(ബി) & (സി) **ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ**

(1) എൻ.എച്ച് 85(പഴയ എൻ.എച്ച് 49) കണ്ടന്നൂർ മുതൽ മൂന്നാർ വരെയുള്ള ദേശീയപാത ഇക്കണോമിക് കോറിഡോറായി വികസിപ്പിക്കനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വഴിയാണ് നടപ്പിലാക്കുന്നത്.

(2) എൻ.എച്ച് 966 (പഴയ എൻ.എച്ച് 213) കോഴിക്കോട് മുതൽ പാലക്കാട് വരെ നാലുവരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വഴിയാണ് നടപ്പിലാക്കുന്നത്.

(3) എൻ.എച്ച് 744 (പഴയ എൻ.എച്ച് 208) കൊല്ലം മുതൽ കഴുതുരുത്തി വരെ നാലുവരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വഴിയാണ് നടപ്പിലാക്കുന്നത്.

**കാസർഗോഡ് - കഴക്കൂട്ടം ദേശീയപാത വികസനം**

കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച് 66) 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ 4/6 വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. തലപ്പാടി മുതൽ ചെങ്ങള വരെയും, ചെങ്ങള മുതൽ നീലേശ്വരം വരെയും, കഴക്കൂട്ടം ഫ്ളൈഓവറിന്റേയും ടെൻ നടപടികൾ പുരോഗമിക്കുന്നു.

**ബൈപ്പാസുകൾ**

സംസ്ഥാനത്താകമാനമുള്ള 6 ദേശീയപാതാ ബൈപ്പാസുകളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ബൈപ്പാസിന്റെ പേര് | നീളം (കി.മീ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം ബൈപ്പാസ് (കഴക്കൂട്ടം മുതൽ മുക്കോല വരെ) (കി.മീ 0/000 - 26/500) (പാക്കേജ് - 1) | 26.5 | പ്രസ്തുത പദ്ധതി M/s KNR Constructions ഏറ്റെടുത്തിട്ടുള്ളതും, പദ്ധതിയുടെ 85% ഓളം പൂർത്തീകരിച്ചിട്ടുണ്ട് നവംബർ 2018 ഓടു കൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് |
| 1(എ) | തിരുവനന്തപുരം | തിരുവനന്തപുരം ബൈപ്പാസ് (കഴക്കൂട്ടം മുതൽ മുക്കോല വരെ) (കി.മീ 26/500 - 43/000) (പാക്കേജ് - 2) | 16.5 | പ്രസ്തുത പദ്ധതി M/s L&T ഏറ്റെടുത്തിട്ടുള്ളതും, 24 മാസങ്ങൾക്കകം പ്രവൃത്തി പൂർത്തീകരിക്കേതുമാണ്. അതായത് ഏപ്രിൽ 2019 ഓടു കൂടി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കേതാണ്. |
| 2 | കൊല്ലം | കൊല്ലം ബൈപ്പാസ് | 13.00 | ദേശീയപാത 47ൽ കാവനാട് മുതൽ മേവറം വരെ 13.00 കി.മീ നീളത്തിലാണ് കൊല്ലം ബൈപ്പാസ്. നിലവിൽ കേന്ദ്ര സർക്കാരിന്റേയും, സംസ്ഥാന |

| | | | | |
|---|---|---|---|---|
| | | | | സർക്കാരിന്റേയും തുല്യ വിഹിതത്തിൽ 352.05 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തിയുടെ നിലവിലെ പുരോഗതി 82%ഉം ആണ്. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് M/s RDS - CVCC(JV) എന്ന കമ്പനിയാണ്. പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 22.8.2018ന് ആണ്. |
| 3 | ആലപ്പുഴ | ആലപ്പുഴ ബൈപ്പാസ് | 6.8 | ദേശീയപാത 47ൽ കൊമ്മാടി മുതൽ കളർകോട് വരെ 6.8 കി.മീ നീളത്തിലാണ് ആലപ്പുഴ ബൈപ്പാസ്. നിലവിൽ കേന്ദ്ര സർക്കാരിന്റേയും, സംസ്ഥാന സർക്കാരിന്റേയും തുല്യ വിഹിതത്തിൽ 348.43 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തിയുടെ നിലവിലെ പുരോഗതി 85%ഉം ആണ്. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് M/s RDS - CVCC(JV) എന്ന കമ്പനിയാണ്. പ്രവൃത്തി 23.8.2018ന് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 4 | തൃശ്ശൂർ | കൊടുങ്ങല്ലൂർ ബൈപ്പാസ് | 3.5 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | കോഴിക്കോട് | കോഴിക്കോട് ബൈപ്പാസ് | 28.4 | കോഴിക്കോട് ബൈപ്പാസ് 6 വരിപ്പാതയാക്കാനായി ടെൻഡർ ക്ഷണിക്കുകയും എഗ്രിമെന്റ് വെച്ചിട്ടുള്ളതുമാണ്. |
| 6 | കണ്ണൂർ | തലശ്ശേരി - മാഹി ബൈപ്പാസ് | 18.6 | പ്രസ്തുത പ്രവൃത്തി 14.12.2017ൽ ആരംഭിച്ചിട്ടുള്ളതാണ്. |
| | | ആകെ | 113.3 | |

പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്നതും, നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ ബൈപ്പാസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജില്ല | ബൈപ്പാസിന്റെ പേര് | നീളം (കി.മീ) |
|---|---|---|---|
| 1 | തൃശ്ശൂർ | ചാവക്കാട് ബൈപ്പാസ് | 2.45 |
| 2 | | വാടാനപ്പള്ളി ബൈപ്പാസ് | 6.180 |
| 3 | | തൃപ്രയാർ ബൈപ്പാസ് | |
| 4 | | ചെന്ത്രാപ്പിന്നി ബൈപ്പാസ് | 2.01 |
| 5 | | മൂന്നു പീടിക ബൈപ്പാസ് | 2.630 |
| 6 | | മതിലകം ബൈപ്പാസ് | 4.780 |
| 7 | കണ്ണൂർ | പയ്യന്നൂർ ബൈപ്പാസ് | 3.28 |

| | | | |
|---|---|---|---|
| 8 | | തളിപ്പറമ്പ് ബൈപ്പാസ് | 5.66 |
| 9 | | കണ്ണൂർ ബൈപ്പാസ് | 13.84 |
| 10 | കോഴിക്കോട് | കൊയിലാ‍ി ബൈപ്പാസ് | 11.00 |
| 11 | മലപ്പുറം | കോട്ടയ്ക്കൽ ബൈപ്പാസ് | 4.42 |
| 12 | | വളാഞ്ചേരി | 4.18 |
| 13 | എറണാകുളം | തൃപ്പൂണിത്തുറ ബൈപ്പാസ് | 8.23 |
| 14 | | മൂവാറ്റുപുഴ ബൈപ്പാസ് | 4.4 |
| 15 | | കോതമംഗലം ബൈപ്പാസ് | 3.5 |

സെക്ഷൻ ഓഫീസർ